കേരള സർക്കാർ GOVERNMENT OF KERALA
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
നളന്ദ, നന്തൻകോട്, തിരുവനന്തപുരം, കേരള - 695003
KERALA STATE INSTITUTE OF LANGUAGES
Nalanda, Nanthancode, Thiruvananthapuram, Kerala - 695003

പ്രസിദ്ധീകരണത്തിന്

എ2/356/2024/ സിൽ | തീയതി - 02/04/2024

## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരം 2024 -കൃതികൾ ക്ഷണിച്ചു

എൻ . വി കൃഷ്ണവാരിയർ സ്മാരക വൈജ്ഞാനിക പുരസ്കാരം , കെ.എം ജോർജ്ജ് സ്മാരക ഗവേഷണ പുരസ്കാരം, (ശാസ്ത്രം / ശാസ്ത്രേതരം) , എം. പി കുമാരൻ സ്മാരക വിവർത്തന പുരസ്കാരം എന്നിവയ്ക്കായി കൃതികൾ ക്ഷണിച്ചതായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.എം.സത്യൻ അറിയിച്ചു. 2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ചിട്ടുള്ള മൗലിക കൃതികളും , അവാർഡ് ചെയ്യപ്പെട്ടിട്ടുള്ള പി.എച്ച്.ഡി ഗവേഷണ പ്രബന്ധങ്ങളുമാണ് പുരസ്കാരങ്ങൾക്കായി പരിഗണിക്കുക .ഇതിനുമുൻപ് ഏതെങ്കിലും വിഭാഗത്തിൽ അവാർഡ് ലഭിച്ചവരുടെ കൃതികൾ അതാതു വിഭാഗങ്ങളിൽ പരിഗണിക്കുന്നതല്ല. ഗ്രന്ഥകർത്താക്കൾ, അവരുടെ ബന്ധുക്കൾ, സുഹൃത്തുക്കൾ, പ്രസാധകർ, സാഹിത്യ സാംസ്കാരിക സംഘടനകൾ എന്നിവർക്ക് അവാർഡ് പരിഗണനക്കുള്ള കൃതികൾ / ഗവേഷണ പ്രബന്ധങ്ങൾ അയച്ചു തരാവുന്നതാണ്. പുരസ്കാരത്തിന് സമർപ്പിക്കുന്ന കൃതികൾ / ഗവേഷണ പ്രബന്ധങ്ങൾ എന്നിവയുടെ നാല് പകർപ്പുകളാണ് സമർപ്പിക്കേണ്ടത്. പുരസ്കാരത്തിനുള്ള സമർപ്പണങ്ങൾ 2024 മെയ് 31 നകം ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , നളന്ദ , തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിച്ചിരിക്കണം. പുരസ്കാരത്തിനായി സമർപ്പിക്കുന്ന കൃതികൾ / ഗവേഷണ പ്രബന്ധങ്ങൾ എന്നിവ തിരികെ നൽകുന്നതല്ല.സമർപ്പണങ്ങൾ ഓരോന്നും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ മെമ്പർ സെക്രട്ടറിയായ ബന്ധപ്പെട്ട വിഭാഗത്തിലെ മൂന്നു വിദഗ്ധർ അടങ്ങിയ ജൂറി പരിശോധിച്ച് വിധിനിർണയിക്കുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും പുരസ്കാരദാനം.

**എൻ . വി കൃഷ്ണവാരിയർ സ്മാരക വൈജ്ഞാനിക പുരസ്കാരം** - ശാസ്ത്ര സാങ്കേതിക വിഷയങ്ങൾ, ഭാഷാ സാഹിത്യ പഠനങ്ങൾ, സാമൂഹിക ശാസ്ത്രം , കല / സാംസ്കാരിക പഠനങ്ങൾ എന്നീ മേഖലകളിലുള്ള കൃതികളാണ് പരിഗണിക്കുക. **ഒരു ലക്ഷം രൂപയും , പ്രശസ്തി പത്രവും, ശിൽപവുമാണ്** പുരസ്കാരമായി നൽകുന്നത്.

**എം. പി കുമാരൻ സ്മാരക വിവർത്തന പുരസ്കാരം** - ആംഗലേയ ഭാഷയിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത വൈജ്ഞാനിക ഗ്രന്ഥങ്ങളാണ് പുരസ്കാരത്തിന് പരിഗണിക്കുക **ഒരു ലക്ഷം രൂപയും , പ്രശസ്തി പത്രവും, ശിൽപവുമാണ്** പുരസ്കാരമായി നൽകുന്നത്.

**ഡോ. കെ.എം ജോർജ്ജ് സ്മാരക ഗവേഷണ പുരസ്കാരം - ശാസ്ത്രം / ശാസ്ത്രേതരം** എന്നീ രണ്ട് വിഭാഗങ്ങളിലായാണ് പുരസ്കാരം നൽകുന്നത്. 2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ ഏതെങ്കിലും ഇന്ത്യൻ സർവകലാശാലകളിൽ നിന്ന് അവാർഡ് ചെയ്യപ്പെട്ട ഡോക്ടറൽ / പോസ്റ്റ് ഡോക്ടറൽ ശാസ്ത്രം / ശാസ്ത്രേതരം എന്നീ വിഭാഗങ്ങളിലെ മലയാള പ്രബന്ധങ്ങളോ, മറ്റു ഭാഷകളിൽ സമർപ്പിക്കപ്പെട്ട പ്രബന്ധങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയതോ ആയിരിക്കണം സമർപ്പിക്കേണ്ടത്. **ഒരോ വിഭാഗത്തിനും അൻപതിനായിരം രൂപയും , പ്രശസ്തി പത്രവും, ശിൽപവുമാണ്** പുരസ്കാരമായി നൽകുന്നത്.

ഡോ.എം സത്യൻ
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

സ്ഥലം- തിരുവനന്തപുരം
ബന്ധപ്പെടേണ്ട നം - പി.ആർ.ഒ -94 47 95 61 62 ,